വ്യവസായ നാദം
OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL. 5 • ISSUE 10
**OCTOBER -2011**

*Chief Editor*
**Dr. T.C. Joseph**
(President, KSSIA, Kottayam)

*Editorial Board Members*
**Abraham Kuriakose**
**K. Dilip Kumar**
**James Immanuel**
**Benoy Kurian**
**Xavier Thomas Kondody**
**Dr. George P. Thomas**

THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA)
KOTTAYAM DISTRICT UNIT
No. XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 013
Phone: 2309731, 9446083561
Phone & Fax: 2567570
www.kssiakottayam.com
E-mail:
ktmsmallind@bsnl.in
kssiaindustries@yahoo.co.in

Designing, Typesetting & Printing
**3King, Ktm-1**
# 256 9180, 944 777 9180

**KSSIA SOCIAL SECURITY FUND TRUST**

**അംഗത്വമെടുക്കാനുള്ള മാനദണ്ഡങ്ങൾ**

1. കെ.എസ്.എസ്.ഐ. യിലെ മെമ്പർമാർ 10500/- രൂപ അടച്ച് ഇതിൽ അംഗത്വമെടുക്കാവുന്നതാണ്. (അപേക്ഷാഫോറം കെ.എസ്.എസ്.ഐ.എ. ഓഫീസിൽ ലഭ്യമാണ്. വെബ്സൈറ്റിൽനിന്നും ഇത് ഡൗൺലോഡ് ചെയ്യാം)
2. അംഗത്വമെടുക്കാനുള്ള പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു.
3. ഒരംഗത്തിന് ജീവഹാനി സംഭവിക്കുകയാണെങ്കിൽ സർക്കാർ ഫണ്ട് ലഭ്യമല്ലാതെ വന്നാൽ, ഓരോ മെമ്പറും 1000 രൂപ വീതം ഫണ്ടിൽ അടക്കണം. ഇപ്പോൾ സർക്കാരിൽ നിന്ന് 1 കോടി രൂപ ലഭിച്ചിട്ടുണ്ട്.
4. പൂരിപ്പിച്ച അപേക്ഷാഫോം, ഫോട്ടോ, വയസ് തെളിയിക്കുന്ന രേഖ, വൈദ്യുതിബിൽ, MSME Registration Certificate, പാർട്ട്ണർഷിപ്പ് സ്ഥാപനമെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ് എന്നിവയുടെയെല്ലാം 2 കോപ്പിയും 10500/- രൂപയുടെ ചെക്ക്/ഡിഡി/ക്യാഷ് സഹിതം കോട്ടയം ജില്ലാ ആഫീസിൽ സ്വീകരിക്കുന്നതാണ്.

**ഫോൺ: 0481- 2567570**



# INDEX 2011 KSSIA

## കോട്ടയം ജില്ല യൂണിറ്റിന് ഒരു പൊൻതൂവൽ



**എഡിറ്റോറിയൽ**

ഇൻഡക്സ് 2011 ഭാവി ഇൻഡക്സുകൾക്ക് മുതൽകൂട്ടാക്കുവാൻ സാധിച്ചതിൽ KSSIA അഭിമാനിക്കുന്നു. മാധ്യമങ്ങളുടെ സഹകരണംകൊണ്ടും സ്റ്റാൾ പങ്കാളിത്തംകൊണ്ടും പുതുമയാർന്ന അവതരണശൈലികൊണ്ടും Index 2011 ന് വലിയ രീതിയിൽ ജനശ്രദ്ധ പിടിച്ചുപറ്റുവാൻ സാധിച്ചു. രണ്ടായിരത്തിൽപ്പരംപേരെ ഉൾപ്പെടുത്തി പൊതുസമ്മേളനവും വർണശബളമായ അവാർഡുനിശയും സംഘടിപ്പിക്കുവാൻ സാധിച്ചത് കോട്ടയം അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യം. ജില്ലയിലെ വ്യവസായവികസനത്തിനുവേണ്ടി വനിതാ സംരംഭകത്വസെമിനാർ, Commerce വിദ്യാർത്ഥികൾക്കായി നടത്തിയ സംരംഭകത്വവികസന സെമിനാർ, Buyer-seller Meet എന്നിവ Index 2011നെ ശ്രേഷ്ഠമാക്കി. വ്യവസായികളുടെ ഉൽപ്പന്നങ്ങൾക്ക് ഏറ്റവും കൂടുതൽ ഓർഡർ ലഭിച്ചതും ബുക്കിങ്ങ് ലഭിച്ചതും Index 2011നാണെന്ന് സ്റ്റാൾ ഉടമകൾ സാക്ഷ്യപ്പെടുത്തിയത് നമുക്ക് ഏറെ സന്തോഷിക്കുവാൻ കാരണമായി. Index 2011അക്ഷരനഗരിക്ക് എന്നും മറക്കാനാകാത്ത സംഭവമായി NSIC, MSME പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഏജൻസികളുടെ സഹകരണം എടുത്തുപറയേണ്ടതാണ്. കോട്ടയം ജില്ലയുടെ പ്രവർത്തനത്തിന് സ്റ്റേറ്റ് പ്രസിഡന്റ്, സ്റ്റേറ്റ് സെക്രട്ടറി എന്നിവരുടെ അഭിനന്ദനങ്ങൾ നമുക്ക് ഇനിയുള്ള പ്രവർത്തനങ്ങൾക്ക് ഉണർവും ഉന്മേഷവും പകരും.

Index 2011ഒരു മഹാവിജയമാക്കുവാൻ സഹായിച്ച എല്ലാ വ്യവസായ സുഹൃത്തുകൾക്കും, സ്റ്റാൾ ഉടമകൾക്കും, ഗവൺമെന്റിനോടും, കോട്ടയം മുനിസിപ്പാലിറ്റി അധികൃതർ, ജില്ലാപഞ്ചായത്തധികൃതർ, കോട്ടയം DIC, പോലീസ് മേധാവികൾ, മാധ്യമസുഹൃത്തുകകൾ എന്നിവരോടുള്ള കടപ്പാട് അറിയിക്കുന്നു.

കോട്ടയം ജില്ലയുടെ വ്യവസായ വികസന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ എന്നും KSSIA ജില്ലായൂണിറ്റ് പ്രതിജ്ഞാബദ്ധമായിരിക്കും.

**ഡോ. റ്റി.സി. ജോസഫ്**
**പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോട്ടയം**

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**



സെക്രട്ടറിയുടെ കത്ത്

**അ**സോസിയേഷന്റെ ചരിത്രത്തിലാദ്യമായി വർണ്ണാഭമായ രീതിയിൽ Index- 2011 എക്സിബിഷൻ സെപ്റ്റംബർ 30 ന് ആരംഭിച്ച് ഒക്ടോബർ 6-ാം തീയതി ഭംഗിയായി സമാപിച്ചു. ഇദംപ്രദമായി എല്ലാ മേഖലയിലും ശ്രദ്ധേയമായ നേട്ടങ്ങളോടെയാണ് ഇൻഡക്സ് എക്സിബിഷൻ സമാപിച്ചത്. പ്രൗഡഗംഭീരമായ ഉത്ഘാടന യോഗം, മൂന്ന് പ്രമുഖ വ്യവസായയൂണിറ്റുകൾക്ക് അവാർഡ്, ഒരു മെഗാഷോ, ദിവസേന സെമിനാറുകൾ, ബയർസെല്ലർ മീറ്റ്, ദിവസേന കലാപരിപാടികൾ, അങ്ങനെ അദ്ധ്യവസാനം മികവുറ്റ ഒരു എക്സിബിഷൻ എന്ന് പറയാം. വ്യവസായയൂണിറ്റുകളിലെ തൊഴിലാളികളുടെ മക്കൾക്കായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ ധനസഹായ പദ്ധതിയും പുതിയ ഒരു സംഭവമായിരുന്നു. 2 പേർക്ക് ഈ പദ്ധതി വഴി സഹായം വിതരണം ചെയ്തു. മികച്ച വ്യവസായ യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട കൺസോളിഡേറ്റഡ് വുഡ് ഇൻഡസ്ട്രീസ് മികച്ച ബിസിനസ്സ് യൂണിറ്റുനുള്ള അവാർഡ് കരസ്ഥമാക്കിയ വെട്ടൂർ കൺസ്ട്രക്ഷൻ മികച്ച യുവ സംരംഭമായി തിരഞ്ഞെടുക്കപ്പെട്ട സിയോൻ മാർക്കറ്റിംഗ് എന്നിവർക്ക് അസോസിയേഷന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഇൻഡക്സിന്റെ മുഖ്യ സ്പോൺസർ ആയ NSIC, MSME- DI മറ്റ് ഗവ. ഏജൻസികൾ, ജില്ലാ വ്യവസായ കേന്ദ്രം മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവരോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു. എല്ലാറ്റിനുമുപരിയായി സ്റ്റാളുകൾ എടുത്ത് ഞങ്ങളോട് സഹകരിച്ച എല്ലാ സ്റ്റാളുടമകൾക്കും പരസ്യം തന്ന് സഹായിച്ച എല്ലാവർക്കും, സംഭാവനകൾ നൽകിയ എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. എല്ലാ കാര്യങ്ങൾക്കും സഹകരിച്ച മറ്റ് ഭാരവാഹികൾ എല്ലാ കമ്മറ്റി അംഗങ്ങൾ അസോസിയേഷൻ അംഗങ്ങൾ, വിവിധ ഗവ. ഓഫീസുകൾ അസോസിയേഷന്റെ അഭ്യൂതയകാംക്ഷികൾ ഓഫീസ് ജീവനക്കാർ എന്നിവർക്കും നന്ദി അറിയിക്കുന്നു.

കൂട്ടയാ പ്രവർത്തനങ്ങളിലൂടെ എങ്ങനെ ഒരു സംരംഭം വിജയിപ്പക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് ഇൻഡക്സ് എക്സിബിഷൻ

**കെ. ദിലീപ്കുമാർ** (സെക്രട്ടറി)

# സംസ്ഥാന കമ്മറ്റി യോഗം കോട്ടയത്ത് നടന്നു




**കേ**രള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ സംസ്ഥാന കമ്മറ്റി യോഗം ഒക്ടോബർ 1-ാം തീയതി കോടിമത അസോസിയേഷൻ ഹാളിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി.കെ.സി. മമ്മദ്കോയ സെക്രട്ടറി ദാമോദരൻ ആവന്നൂർ, മറ്റ് ഭാരവാഹികൾ ഉൾപ്പെടെ 80 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. യോഗത്തിൽ ജില്ലാ പ്രസിന്റ് ബാങ്ക് ഇൻട്രസ്റ്റ് വർദ്ധിപ്പിച്ചതിലുള്ള സർവീസ് ചാർജ് വർദ്ധിപ്പിച്ചതിലും ഉള്ള കോട്ടയം ജില്ലാ കമ്മറ്റിയുടെ ശക്തമായ പ്രതിഷേധം അറിയിച്ചു. സംസ്ഥാന അസോസിയേഷൻ അടിയന്തര നടപടികൾ വേണമെന്നും ആവശ്യപ്പെട്ടു. KSEB മോറൽ സെക്ഷൻ നിർത്തലാക്കി നടപടി, ബോർഡ് ബെസ്സ് ഏർപ്പെടുത്തിയ നടപടി വാറ്റ് ടാക്സിൻ അതത് യൂണിറ്റുകൾക്ക് റിട്ടേൺ സമർപ്പിക്കുമ്പോൾ തിരുത്തലുകൾ വന്നാൽ സംസ്ഥാനതലത്തിൽ അവ പരിഹരിക്കുന്നതിന് പകരം ജില്ലാ ഡപ്യൂട്ടി കമ്മീഷൻമാർ വഴി തിരുത്തലുകൾ വരുത്തുന്നതിന് .... ഏർപ്പെടുത്തണമെന്നും പ്രസിഡന്റ് ആവശ്യപ്പെട്ടു. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ മീറ്റിംഗും തദവസരത്തിൽ നടന്നു.

# സെമിനാറുകളിൽ നിന്ന്

## NSIC BUYER-SELLER MEET








# വനിതാ വ്യവസായ സംരംഭകത്വ പരിശീലന പരിപാടി








## മണർകാട് സെന്റ് മേരീസ് കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സംരംഭകത്വ പരിശീലന പരിപാടിയിൽ നിന്ന്



